(സി) നെൽക്കൃഷിയിൽനിന്നുള്ള കുറഞ്ഞ വരുമാനം, ഉല്പാദനച്ചെലവിൽ വന്ന ക്രമാതീതമായ വർദ്ധനവ്, കുറഞ്ഞ ഉല്പാദനക്ഷമത, നെൽപ്പാടങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യുന്നത്, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവയാണ് കർഷകർ നെൽക്കൃഷിയിൽനിന്നും പിൻവാങ്ങുവാനുള്ള പ്രധാന കാരണങ്ങളായി കണ്ടിട്ടുള്ളത്.

(ഡി) ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ചു. ഒരു പരിധിവരെ യന്ത്രവൽക്കരണം നടപ്പിലാക്കിയും ഉല്പാദനച്ചെലവ് കുറയ്ക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. നെൽകൃഷിക്ക് വൈദ്യുതി സൗജന്യം നൽകുന്നതുകൂടാതെ കൊയ്ത്തു സമയത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാധികൾ ലഭ്യമാക്കാനും, സംസ്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നെൽക്കൃഷി വികസനത്തിനായി രൂപീകരിച്ചിട്ടുള്ള വികസന ഏജൻസികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തരിശായി കിടക്കുന്ന നിലങ്ങളിൽ യുവാക്കളുടെ കൂട്ടായ്മയിൽ കൃഷി നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. സംസ്ഥാനാവിഷ്കൃത നെൽക്കൃഷി വികസന പദ്ധതിപ്രകാരം 2003-04 വർഷം 500 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800.68 ലക്ഷം രൂപയ്ക്കുമുള്ള നെൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്രകാരമുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ നെൽക്കൃഷിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശബരിമല വികസനത്തിന് ഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതി

*22 [232] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, എൻ. ശക്തൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് എവിടെയെല്ലാം എത്ര ഹെക്ടർ ഭൂമി അനുവദിക്കണമെന്നാണ് ദേവസ്വം ബോർഡ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനാണ് ഈ ഭൂമി ആവശ്യപ്പെട്ടത്;

(സി) മതേതര കാര്യങ്ങൾക്ക് വനഭൂമി ആവശ്യപ്പെടുന്നത് ഏത് വിധത്തിലായിരിക്കണമെന്നാണ് സുപ്രീം കോടതി ഉത്തരവ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ചാണോ ശബരിമല വികസനത്തിന് ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്;

(ഇ) അല്ലാത്തപക്ഷം ആ വിധത്തിൽ ഭൂമിക്കുള്ള അപേക്ഷ തയ്യാറാക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചുവോ; എങ്കിൽ എന്ന്;

(എഫ്) അതനുസരിച്ച് അപേക്ഷ വീണ്ടും സമർപ്പിച്ചതെന്നാണെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ, ബി) സീവേജ് ട്രീറ്റുമെന്റ് പ്ലാന്റിന്റെ വികസനത്തിനായി 1.007 ഹെക്ടറും, പരമ്പരാഗതപാത വീതി കൂട്ടുന്നതിനായി പമ്പ മുതൽ സന്നിധാനം വരെ 5 ഹെക്ടറും, കൃ കോംപ്ലക്സ് നിർമ്മാണത്തിനായി മരക്കൂട്ടം മുതൽ ശരംകുത്തി വരെ ചന്ദ്രാനന്ദൻ റോഡിനും പരമ്പരാഗത പാതയ്ക്കുമിടയിൽ 10.8 ഹെക്ടറും, പമ്പ ത്രിവേണിയിൽ പാർക്കിംഗിനായി 25 ഹെക്ടറും, കഴുതകളെ ഉപയോഗിച്ച് സാധനങ്ങൾ കൊണ്ടുപോകുന്ന റോഡിനായി അമ്പലക്കടവ് വഴി 2.85 ഹെക്ടറും, കടകൾ നടത്തുന്നതിലേക്ക് പമ്പയ്ക്കും സന്നിധാനത്തിനുമിടയിൽ 0.75 ഹെക്ടറും, നിലയ്ക്കലിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ പാട്ട കാലാവധി അവസാനിച്ചതിനാൽ ബേസ് ക്യാമ്പിനായി 110 ഹെക്ടറും വനഭൂമി ദേവസ്വം ബോർഡിന് അനുവദിക്കണമെന്ന്, ബോർഡ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മതേതര കാര്യങ്ങൾക്ക് വനഭൂമി ആവശ്യപ്പെടുന്നത് സംബന്ധിച്ച സുപ്രീംകോടതി ഉത്തരവുകളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

കയറും കയറുല്പന്നങ്ങളും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്കയയ്ക്കുവാൻ റയിൽ വാഗണുകൾ ലഭ്യമാക്കാൻ നടപടി

*23 [233] ശ്രീ. വി. ബാലറാം:
,, എഴുകോൺ നാരായണൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറും കയറുല്പന്നങ്ങളും വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലേക്ക് കയറ്റിയയയ്ക്കുവാൻ റയിൽ വാഗണുകൾ ആവശ്യത്തിനു കിട്ടാതെ വരുന്നുണ്ടോ;

(ബി) ആവശ്യത്തിന് വാഗണുകൾ കിട്ടാത്തതിനാൽ കയറുല്പന്നങ്ങൾ കരാർ ചെയ്ത സമയത്ത് സപ്ലൈ ചെയ്യുവാൻ കഴിയാത്തതിന്റെ ഫലമായി സംസ്ഥാനത്തെ കയർ വ്യാപാരികൾക്ക് ബിസിനസ് നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly